"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിന് ജലനിധി പദ്ധതിയ്ക്കായി 2013-14 വർഷം അനുവദിച്ചതിൽ കുടിവെള്ള പദ്ധതിയുടെ പ്രാരംഭനടപടികൾക്കായി ചെലവഴിച്ചതിന്റെ ബാക്കിയുള്ള തുക ജലജീവൻ പദ്ധതി പോലുള്ള കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുന്നതിന് നൽകിയ അനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.791/2025/LSGD തീയതി,തിരുവനന്തപുരം, 25-03-2025

---

പരാമർശം:-

1. 06.03.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി തീരുമാനം (നമ്പർ 4.48)
2. 04.06.2024- ലെ G.O.(Rt)No.968/2024/LSGD നമ്പർ ഉത്തരവ്
3. ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-07-2024 ലെ No.KRWSA-PMU/39/2023-AC2(RC) നമ്പർ കത്ത്
4. 30.01.2025- -ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി തീരുമാനം (നമ്പർ 4.8)

**ഉത്തരവ്**

2013-14 കാലഘട്ടത്തിൽ ജലനിധി കുടിവെള്ള പദ്ധതിയുടെ ഭാഗമായി വിവിധ ഗഡുക്കളായി 46,84,330/- രൂപ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഈ പദ്ധതി ഉപേക്ഷിച്ചതിനാൽ കുടിവെള്ള പദ്ധതിയുടെ പ്രാരംഭനടപടികൾക്കായി ചെലവഴിച്ചതിന്റെ ബാക്കിയുള്ള തുക (പലിശയടക്കം 32,79,318/- രൂപ) കാനറാബാങ്കിന്റെ മൈനാഗപ്പള്ളി ബ്രാഞ്ചിൽ സൂക്ഷിച്ചിരുന്നു. ജലനിധി പദ്ധതി നിലവിലില്ല എന്നറിയിച്ചുകൊണ്ട് ഈ തുക ജലജീവൻ പദ്ധതിപോലുള്ള കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി നൽകണമെന്ന മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള പഞ്ചായത്തത്തിന്റെ അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു. മേൽ തുക ജലജീവൻ പദ്ധതി പോലുള്ള കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകികൊണ്ട് പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാനത്താകെ ജലനിധിയുടെ വിവിധ പദ്ധതികൾ നടപ്പാക്കിയതിൽ 744.81 ലക്ഷം രൂപ കരാറുകാർക്ക് നൽകാനുണ്ടെന്നും അതിനാൽ പരമാർശം (1) തീരുമാനവും ആയതിന്റെ അടിസ്ഥാനത്തിലുള്ള പരാമർശം (2) ഉത്തരവും റദ്ദാക്കണമെന്നും ചെലവഴിക്കപ്പെടാതെയുള്ള തുക ജലനിധിക്ക് തിരികെ നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഈ വിഷയം 30.01.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

3. ചെലവഴിക്കാതെ കിടക്കുന്ന തുക തിരികെ നൽകണമെന്ന് പല പ്രാവശ്യം ജലനിധി

ആവശ്യപ്പെട്ടിരുന്നതാണ് എന്നതും ചെലവഴിക്കപ്പെടാതെയുള്ള തുക തിരികെ നൽകണമെന്ന് കരാറുമുണ്ടായിരുന്നു എന്നതും പരിഗണിച്ച് ഈ തുക ജലനിധിക്ക് തിരികെ നൽകാൻ നിർദ്ദേശിച്ചുകൊണ്ടും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരമർശം (1) തീരുമാനം റദ്ദ് ചെയ്യാനും, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു. ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക തിരികെ നൽകണമെന്ന് ജലനിധിയിൽ നിന്നും പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു എന്നതും ചെലവഴിക്കപ്പെടാതെയുള്ള തുക തിരികെ നൽകാമെന്ന് ജലനിധിയും ഗ്രാമപഞ്ചായത്തും തമ്മിൽ കരാറുണ്ടായിരുന്നു എന്നതും മറച്ചുവച്ച് ചെലവഴിക്കപ്പെടാതെ ബാക്കിയുള്ള തുക മറ്റു കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കാൻ കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി നൽകിയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ് എന്ന് വിലയിരുത്തിയ സമിതി ഉചിതമായ തുടർനടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുടിവെള്ള പദ്ധതിയുടെ ഭാഗമായി വിവിധ ഗഡുക്കളായി 2013-14 കാലഘട്ടത്തിൽ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിന് ജലനിധി നൽകിയതിൽ പ്രാരംഭനടപടികൾക്കായി ചെലവഴിച്ചതിന്റെ ബാക്കിയുള്ള തുക (പലിശയടക്കം 32,79,318 രൂപ) ജലനിധിക്ക് തിരികെ നൽകുന്നതിനു അനുമതി നൽകിക്കൊണ്ടും പരമാർശം (2) ഉത്തരവ് റദ്ദു ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക തിരികെ നൽകണമെന്ന് ജലനിധിയിൽ നിന്നും പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു എന്നതും ചെലവഴിക്കപ്പെടാതെയുള്ള തുക തിരികെ നൽകാമെന്ന് ജലനിധിയും ഗ്രാമപഞ്ചായത്തും തമ്മിൽ കരാറുണ്ടായിരുന്നു എന്നതും മറച്ചുവച്ച് ചെലവഴിക്കപ്പെടാതെ ബാക്കിയുള്ള തുക മറ്റു കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കാൻ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി നൽകിയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ് എന്നതിനാൽ ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

JOINT SECRETARY

പ്രസിഡന്റ് / സെക്രട്ടറി, മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്, കൊല്ലം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി

ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
Date: 25-03-2025 17:04:13

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്